# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. ഇ.കെ.എം. (പി 5) 1375/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. ഇ.കെ.എം. (പി 5) 1375/21 തീയ്യതി: 10/01/2022

## എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ ഏ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2021 | 06-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2021 | 06-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൽ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ് കുമാർ എം, ഓഡിറ്റർ(ഹ.ഗ്രേ)

ശ്രീമതി വൃന്ദ സി എസ്, സീനിയർ ഗ്രേ.ഓഡിറ്റർ
ശ്രീ ഹരീഷ് പി ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെറീന ബഷീർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രവികുമാർ.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഷെറീന. എസ് | മെഡിക്കൽ ഓഫീസർ (PHC) | 01-04-2019 | 30-04-2019 |
| ഡോ. അജയ് ബാബു | മെഡിക്കൽ ഓഫീസർ (PHC) | 01-05-2019 | 31-03-2020 |
| അനിത. കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സി.എം. ഷറഫുദീൻ | വെറ്ററിനറി സർജൻ | 01-04-2019 | 13-09-2019 |
| ഡോ. ബബിത മാത്യു | വെറ്ററിനറി സർജൻ | 14-09-2019 | 31-03-2020 |
| ഡോ. ജലീന നാലകത്ത് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ഷീജ.കെ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| വിനോദ് കുമാർ | വി.ഇ.ഒ, മഞ്ഞപ്പെട്ടി | 01-04-2019 | 31-03-2020 |
| രാകേഷ് കെ നായർ | വി.ഇ.ഒ, വാഴക്കുളം | 01-04-2019 | 31-03-2020 |
| റിയ റസാക്ക് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| മിനി മാത്യു | ഹെഡ് മിസ്ട്രസ്, ഗവ എൽ.പി.എസ്,ഏഴിപ്രം | 01-04-2019 | 31-03-2020 |
| ഖദീജ ബീവി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സത്യ നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സഹീറ.എം.എ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vrinda C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Santhosh Kumar M (Auditor, On 03-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 03-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hareesh P.R (Auditor, On 06-10-2021)<br>Last Updated By: Abdul Salam T.I (Audit Officer, On 07-10-2021) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 03-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 07-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-10 |
| 11 | രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-11 |
| 12 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-12 |
| 13 | തൊഴിൽ നികുതി വരവ് സംബന്ധമായ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 05-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 1-13 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 1-14 |
| 15 | തനത് ഫണ്ട്-ചെലവുകൾ -അപാകതകൾ<br>Written By: Abdul Salam T.I (Audit Officer, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 1-15 |

| | | |
|---|---|---|
| 16 | പ്രിന്റിങ്ങ് ജോലികൾ-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല<br>Written By: Abdul Salam T.I (Audit Officer, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-16 |
| 17 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ - ധനവിനിയോഗപത്രം ഹാജരാക്കണം<br>Written By: Abdul Salam T.I (Audit Officer, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-17 |
| 18 | വാറന്റി പിരിയഡിൽ കേടായ തെരുവ് വിളക്കുകൾ സപ്ളൈയർ മാറ്റി നല്കിയില്ല.<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 05-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-18 |
| 19 | ''സുഭദ്രം'' പദ്ധതി അപാകതകൾ<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 05-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-19 |
| 20 | മെഡിക്കൽ ഓഫീസർ പിഎച്ച്സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-20 |
| 21 | കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 07-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-21 |
| 22 | സാമൂഹ്യ ക്ഷേമ പെൻഷൻ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 07-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 1-22 |
| 23 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത<br>Written By: Vrinda C S (Senior Grade Auditor, On 07-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 05-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-2 |
| 3 | തൻവർഷം ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| | Written By: Santhosh Kumar M (Auditor, On 06-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Santhosh Kumar M (Auditor, On 03-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Salam T.I (Audit Officer, On 04-10-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 19-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

വാഴക്കുളം പഞ്ചായത്തിന്റെ 2019 -20 സാമ്പത്തികവർഷത്തെ ബജറ്റ് 14.02.2019 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 42,55,754.30 | 5,32,55,271.87 |
| വരവ് | 21,40,27,563 | 9,08,29,504 |
| ആകെ | 21,82,83,317.30 | 14,40,84,775.87 |
| ചെലവ് | 21,22,79,501 | 7,68,47,040 |
| നീക്കിയിരിപ്പ് | 60,03,816.30 | 6,72,37,735.87 |

ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 13,57,51,147 രൂപയുടെ വരവും 11,85,59,700രൂപയുടെ ചെലവുമാണ് കാണിച്ചിരിക്കുന്നത്. 09.03.2020 ൽ അവതരിപ്പിച്ച റിവൈസ്ഡ് ബജറ്റും 2 -ാം നമ്പർ തീരുമാന പ്രകാരം കമ്മിറ്റി അംഗീകരിച്ചു .

താഴെപ്പറയുന്ന ബജറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല

ലഭ്യമാക്കിയ ബജറ്റിൽ തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച ബജറ്റ് പ്രസംഗം, ബജറ്റിൽ ഉൾപ്പെടുന്ന പ്രധാന ഇനങ്ങളുടെ സംക്ഷിപ്ത വിവരണം ഉൾക്കൊള്ളുന്ന ബജറ്റ് കുറിപ്പ്, ബജറ്റ് ചെലവുകളുടെ പ്രതീക്ഷിത ഫലങ്ങൾ കാണിക്കുന്ന പെർഫോമൻസ് ബജറ്റ്, ലിംഗനീതി ഉറപ്പാക്കുന്നതിനായി ലിംഗാധിഷ്ഠിതമായി ബജറ്റിനെ വിശകലനം ചെയ്യുന്ന ജന്റർ ബജറ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 01.06.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 53255271.87 |
| വരവ് | 90829504 |
| ആകെ | 144084775.87 |
| ചെലവ് | 76847040 |
| നീക്കിയിരിപ്പ് | 67237735.87 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21849083 | 21849083 | 14183590 | 0 | 7665493 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9873176 | 9873176 | 4512233 | 0 | 5360943 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 756294 | 756294 | 385160 | 0 | 371134 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 20418000 | 20418000 | 7676628 | 0 | 12741372 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4880000 | 4880000 | 3287784 | 0 | 1592216 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 12570099 | 12570099 | 5538565 | 0 | 7031534 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp+EFMS | 1999.57 | 17967024 | 17969023.57 | 17969023 | 0.57 | - |
| സംസ്ഥാനാവിഷ്കൃതഫണ്ട് - | | | | | | |
| 320 100 121 അങ്കണവാടി പോഷകാഹാരം | 161432 | 1704652 | 1866084 | 1498484 | 367600 | 0 |
| 320 100 115 സാനിറ്റേഷൻ | 1222181 | 0 | 1222181 | 0 | 1222181 | |
| 320 100 203 സാനിറ്റേഷൻ | 0 | 181600 | 181600 | 181570 | 30 | |
| 320 300 199 വിമുക്തി | 31882 | 3787869 | 3819751 | 2815393 | 1004358 | 0 |
| 320200319 ഖരമാലിന്യ സംസ്കരണം | 15000 | 0 | 15000 | 0 | 15000 | |
| 320400199 ലൈഫ് മിഷൻ – ലക്ഷം വീട് | 1746431 | 78663 | 1825094 | 360000 | 1465094 | 0 |
| 320200309 സാക്ഷരത | 100000 | 0 | 100000 | 100000 | 0 | 0 |
| 320 200 322 ശുചിത്വ മിഷൻ | 1183300 | 200000 | 1383300 | 299565 | 1083735 | 0 |
| 320200311 വെള്ളപൊക്ക ദുരിതാശ്വാസ നിധി | 400000 | 0 | 400000 | 400000 | 0 | |
| സി എസ് ആർ ഫണ്ട് | | 367508 | 367508 | 367508 | 0 | |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 300000 | 1205506 | 1505506 | 1093182 | 412324 | 0 |
| 320 700 104 Joint Venture – Block Panchayat- Reveue Expenditure | 280000 | 0 | 280000 | 0 | 280000 | |
| 320 700 205 Joint Venture –District Panchayat- Reveue Expenditure | 500000 | 500000 | 1000000 | 1000000 | 0 | 0 |

സോഴ്സ് ഡിഡക്ഷൻ ആയി വികസന ഫണ്ട് (ജനറൽ) നിന്ന് കറവ് ചെയ്ത 1274137 /- രൂപ, വികസന ഫണ്ട് (എസ് സി പി) നിന്ന് കറവ് ചെയ്ത 58824/- രൂപ,വികസന ഫണ്ട് (ടി എസ് പി) നിന്ന് കറവ് ചെയ്ത 14706/-രൂപ എന്നിവ ACR പ്രകാരമള്ള വരവ ിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 311 | 144898291 | 104 | 54291691 | 73 | 134 | 33 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1999.57 | 1086684 | 1088683.57 | 1088683 | 0.57 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 16880340 | 16880340 | 16880340 | 0 |
| 100 ദിവസം ഇൻസെന്റീവ്. | 0 | 356000 | 356000 | 356000 | 0 |
| ആകെ | 1999.57 | 18323024 | 18325023.57 | 18325023 | 0.57 |

2019-20 ൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെയും ലഭ്യമായ തൊഴിൽ ദിനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 782 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 895 |
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 2637 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 4209 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 44840 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ വിവരങ്ങൾ | 64.79 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 181 |

തൻവർഷം പഞ്ചായത്ത് വിവിധ വാർഡുകളിലായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു

| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം |
|---|---|---|
| 1 | തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 30 |
| 2 | കനാൽ പുനരുദ്ധാരണം | 23 |
| 3 | പുറമ്പോക്ക് ഭൂമിയിൽ തീറ്റപ്പുൽ കൃഷി | 8 |
| 4 | എസ്.സി/എസ്.ടി കുടുംബങ്ങൾക്ക് കയ്യാല കെട്ട് | 3 |
| 5 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ തീറ്റപ്പുൽ കൃഷി | 4 |
| 6 | മഴക്കുഴി നിർമ്മാണം | 10 |
| 7 | തോട് സംരക്ഷണം | 1 |
| 8 | റോഡ് കോൺക്രീറ്റിംഗ് | 5 |
| 9 | തോട് സൈഡ് കെട്ട് | 2 |
| 10 | നടപ്പാത കോൺക്രീറ്റിംഗ് | 1 |
| 11 | അങ്കണവാടി നിർമ്മാണം | 1 |
| | ആകെ | 88 |

2019-20 ലേക്കുള്ള ആക്ഷൻ പ്ലാൻ പ്രകാരം 20 വാർഡുകളിലായി 779 പ്രവൃത്തികൾ നടപ്പാക്കാനും ആയതിന് 9,76,17,610 രൂപയുടെ ഭരണാനുമതി നൽകാനും 01.12.2018ലെ 1(1)- ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

അഡീഷണൽ ആക്ഷൻ പ്ലാനുകൾ പ്രകാരം 904 പ്രവൃത്തികൾക്കായി 13,45,66,400 രൂപയും 138 പ്രവൃത്തികൾക്കായി 3,63,00,000 രൂപയും ഭരണാനുമതി നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചിരുന്നു (യഥാക്രമം 01.06.2019ലെ 11(1), 09.01.2020 ലെ 5(1) നമ്പർ തീരുമാനങ്ങൾ). എന്നാൽ തൻവർഷം 88 പ്രവൃത്തികൾക്കായി 1,82,93,682 രൂപയുടെ ചെലവു മാത്രമാണ് നടത്തി കാണുന്നത്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44028/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 33000 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 2206800 | 357 |
| വിധവാപെൻഷൻ | 8781000 | 1529 |
| വാർദ്ധക്യകാലപെൻഷൻ | 14122800 | 2410 |
| വികലാംഗപെൻഷൻ | 2877500 | 519 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 142200 | 26 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

## 1-9 ആഭ്യന്തര നിയന്ത്രണം

വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കാത്തതിനാൽ ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2.പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.

3.പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.

4.സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1-2-2020 | 01.10.2019 To 31.12.2019 | 27-02-2020. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-04-2014 | 20-04-05 To 2009-10 | 08-09-2014 |

## 1-11 രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ

രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവയുടെ പരിപാലനത്തിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

A) മാന്വൽ രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത വളരെയധികം രസീതുകൾ ക്യാൻസൽ ചെയ്ത് നിയന്ത്രണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

B)ക്യാൻസൽ ചെയ്യാത്ത രസീതിൽ ക്യാൻസൽ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. (ഉദാ – ബുക്ക് നം. 34326 രസീത് നം 88, 07.03.2020 തീയതിയിൽ 392/- രൂപ പിരിച്ചിരിക്കുന്നു). എന്നാൽ ടി തുക ഡേ ബുക്കിൽ വരവ് വന്നിട്ടുള്ളതാണ്.

C) മാന്വൽ രസീത് ഉപയോഗിച്ച് പിരിക്കുന്ന തുകകൾ മുഴുവനായും ബാങ്കിൽ അടവ് വരുത്തുന്നില്ല.(ഉദാ - രസീത് നം 84 പ്രകാരം 06.03.2020 തീയതിയിൽ 1942/- രൂപ പിരിച്ചതായി കാണുന്നു. എന്നാൽ ഡേ ബുക്കിൽ 1926/- രൂപയാണ് ടി തീയതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്)

D) പ്രിന്റർ ഫോൾട്ട് വരുന്ന സാംഖ്യാ രസീതുകൾ പലതും ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾക്ക് 29.09.2021 തീയതിയിൽ നൽകിയ എൻക്വയറി നം.3 ന് മറുപടി ലഭ്യമാക്കിയില്ല.

E)03.10.2019 തീയതിലെ ഡേ ബുക്ക് പ്രകാരമുള്ള ആകെ വരവ് 30957/- രൂപയാണ്. എന്നാൽ 04.10.2019 ൽ ബാങ്കിൽ അടവാക്കിയ തുക 30694/- രൂപയാണ്. ബാക്കി വരുന്ന തുക 08.11.2019 ലാണ് അടവാക്കിയിരിക്കുന്നത്. ടി അപാകതക സംബന്ധിച്ച് 01.10.2021 ൽ നൽകിയ എൻക്വയറി നം.11 ന് ലഭ്യമാക്കിയ മറുപടിയിൽ ഫ്രണ്ട് ഓഫീസിലെ രണ്ട് ഉദ്യോഗസ്ഥർ വ്യത്യസ്ഥ ലോഗിൻ ഉപയോഗിച്ചതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ്.

രസീതുകൾ ഉപയോഗിക്കുന്നതിലും, പിരിച്ചെടുക്കുന്ന തുകകൾ മുഴുവനായും, സമയാധിഷ്ഠമായി അടവാക്കുന്നതിലും പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-12 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

ധാരാളം വ്യവസായ സ്ഥാപനങ്ങളും വാണിജ്യ സ്ഥാപനങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ജനസാന്ദ്രതയേറിയതുമായ ഒരു പഞ്ചായത്താണിത്. 2019-20 ൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയ രജിസ്റ്ററുകളും അപേക്ഷകളും മറ്റ് വിവരങ്ങളും പരിശോധനാ വിധേയമാക്കിയതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1) വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് രജിസ്റ്ററും ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കിയില്ല

രജിസ്റ്റർ പ്രകാരം ആകെ 767 സ്ഥാപനങ്ങളാണ് തൻവർഷത്തേക്ക് ലൈസൻസിനപേക്ഷിച്ചത്. വാർഡടിസ്ഥാനത്തിൽ ക്രമമായല്ല, അപേക്ഷകളുടെ ക്രമത്തിലാണ് ലൈസൻസ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. 25.09.2021 ലെ 1 നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടതനുസരിച്ച് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് മേൽ രജിസ്റ്ററിലുള്ള ക്രമത്തിലും, ടി 767 സ്ഥാപനങ്ങളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ളതാണ്. ഇതിൽ നിന്ന് തന്നെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയാണ് എന്ന് വ്യക്തമാണ്. പഞ്ചായത്തിന് വാർഡടിസ്ഥാനത്തിൽ ഒരു ട്രേഡേഴ്സ് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതും ഓരോ വർഷവും പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങളെ കൂട്ടിച്ചേർത്തും പൂട്ടിപ്പോയവയെ ഒഴിവാക്കിക്കൊണ്ടും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇതുമൂലം വരുമാന ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പിക്കുന്നതിന് സാധിക്കുന്നതാണ്. 11.02.2020 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി മനസ്സിലായിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും യഥാസമയം പഞ്ചായത്തിൽ അറിയിക്കുന്നതിനും അംഗങ്ങൾ ശ്രദ്ധപുലർത്തേണ്ടതാണ്.

2) അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്തുന്നില്ല

31.10.2017 ൽ നിലവിൽ വന്ന പുതുക്കിയ ലൈസൻസ് ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 2017 നവംബർ മുതൽ പഞ്ചായത്തിൽ ഫീസ് ഈടാക്കി വരുന്നതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നതിനാണ് കോളം നൽകിയിരിക്കുന്നത്. മിക്ക അപേക്ഷകരും അതും പൂരിപ്പിച്ചതായി കാണുന്നില്ല. പ്രാദേശിക പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലും മൂലധന നിക്ഷേപം രേഖപ്പെടുത്തി അതിനനുസരിച്ച ഫീസ് ചുമത്തിയതായി അടയാളപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ്

ഫീസിന്റെ കൃത്യത ബോധ്യപ്പെടാൻ സാധിക്കുന്നില്ല .

പ്രാദേശിക പരിശോധന റിപ്പോർട്ടിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സഞ്ചയ പ്രകാരം ഏത് ഗണത്തിൽപ്പെടുന്നു എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത് ഗുണകരമായ ഒരു റിപ്പോർട്ടാണ്. വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ഇത് ഒരു പരിധി വരെ സഹായകരമാണ്. ആയത് തുടരേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് തന്നെയാണ് ഈടാക്കുന്നത് എന്ന് ഉറപ്പാക്കുന്നതിലേയ്ക്ക് മൂലധന നിക്ഷേപം, ഉല്പ്പാദന/സേവന മേഖലകൾ, മൈക്രോ/മിനി/സ്മോൾ /മീഡിയം/ലാർജ്ജ് എന്റർപ്രൈസസുകൾ എന്നിങ്ങനെയുള്ള തരം തിരിവുകൾ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. യന്ത്രങ്ങളുടെ കുതിരശക്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അതിനനുസൃതമായ ഫീസ് ഈടാക്കുന്നുണ്ട്.

3) <u>റേഷൻ കടകളുടെ ലൈസൻസ് ഫീ ഈടാക്കിയില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടത്തിലെ പട്ടിക ഒന്ന് ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ വാഴക്കുളം പഞ്ചായത്തിലെ റേഷൻ കടകളൊന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലിസ്റ്റ് 29.09.2021 ലെ4-ാം നമ്പർ എൻക്വയറി വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല . എല്ലാ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) <u>കുടിശ്ശിക വിവരം ലഭ്യമല്ല</u>

ലൈസൻസ് ഫീ ഇനത്തിൽ 8,58,410 രൂപ തൻവർഷം വരവ് പ്രതീക്ഷിക്കുന്നതായി അക്കൌണ്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷത്തെ വരവ് തന്നെ ആണ് ഡിമാന്റായി സാംഖ്യയിൽ ചേർത്തിട്ടുള്ളത്. അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് മുൻകൂറായി ഈടാക്കുന്ന ലൈസൻസ് ഫീസിന്റെ ഡിമാന്റ് വർഷാരംഭത്തിൽത്തന്നെ സാംഖ്യയിൽ ചേർക്കുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്ന രീതിയാണ് തുടർന്നു പോരുന്നത്. ആയതിനാൽ നിലവിൽ ഈ ഇനത്തിൽ കുടിശ്ശിക ഇല്ലാത്തതായാണ് കണക്കാക്കുന്നത്. രജിസ്റ്റർ പ്രകാരം ഡി.സി.ബി രേഖപ്പെടുത്തിയിരിക്കുന്നതും അക്കൌണ്ട്സ് പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തെ വരവനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ മാറ്റം വരുത്തേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി വരവ് സംബന്ധമായ അപാകതകൾ

പഞ്ചായത്തിൽ Traders/professionals/institutions എന്ന ഹെഡിൽ വരുന്ന ഡിമാന്റുള്ള സ്ഥാപന തൊഴിൽ നികുതിക്കായി പ്രത്യേക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് എടുക്കുന്ന സമയത്ത് അടുത്ത വർഷത്തേക്കുള്ള മുഴുവൻ നികുതിയും അഡ്വാൻസായി ഈടാക്കി പോരുന്ന രീതിയാണ് അവലംബിക്കുന്നത്. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെങ്കിലും തൊഴിൽ നികുതി അടക്കുന്നുവെന്ന് ഇതുവഴി ഉറപ്പാക്കാമെങ്കിലും ലൈസൻസ് ആവശ്യമില്ലാത്ത എന്നാൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവർ ഈ പരിധിയിൽ

നിന്ന് ഒഴിവായിപ്പോകാൻ സാധ്യതയുണ്ട്. ഉദാഹരണമായി ബാങ്കുകൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കരാറുകാർ, ഡോക്ടർമാർ, ആർട്ടിസ്റ്റുകൾ, അഭിഭാഷകർ, ആധാരം എഴുത്തുകാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല .

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വാഴക്കുളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 2 | ബാങ്ക് ഓഫ് ഇന്ത്യ |
| 3 | സൌത്ത് ഇന്ത്യൻ ബാങ്ക്, S.വാഴക്കുളം |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുടിക്കൽ |
| 5 | ദി കാത്തലിക് സിറിയൻ ബാങ്ക്, S.വാഴക്കുളം |
| 6 | ഫെഡറൽ ബാങ്ക്, മാറമ്പിള്ളി |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ് ലി.ചെമ്പറക്കി |
| 8 | മണപ്പുറം ഫിനാൻസ് ലി,ട.വാഴക്കുളം |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് ലി.മാറമ്പിള്ളി |
| 10 | മുത്തൂറ്റ് ഫിൻകോർപ്പ് ലി.വാഴക്കുളം |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1.1) 2019-20 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പോലീസ് സ്റ്റേഷൻ, തടിയിട്ടപറമ്പ് | II |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, മാറമ്പിള്ളി | II |
| 3 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്., വാഴക്കുളം | II |
| 4 | ത്രിവേണി സ്റ്റോർ, മുടിക്കൽ | II |

മേൽ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

2)പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) 2019-20 വർഷത്തെ രജിസ്റ്റർ പ്രകാരം ഡി.സി.ബി പത്രിക തയ്യാറാക്കുകയോ വാർഷിക ധനകാര്യ പത്രികയുമായി റീകൺസീലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക ഉള്ളവരുടെ വിവരം കൃത്യമായി കണക്കാക്കാനും സാധിക്കുന്നില്ല.

4) പഞ്ചായത്തിൽ തൻവർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ബിനോയ്.പി.ടി |
| 2 | ഷാനവാസ്.പി.എ |
| 3 | പി.എസ്.മനോജ്കുമാർ |

| | |
|---|---|
| 4 | അസ്ഹർ.സി.ഐ |
| 5 | രമണൻ.കെ |
| 6 | ടി.എൻ.രാമചന്ദ്രൻ |
| 7 | കെ.ദിവാകരൻ |
| 8 | സി.എസ്.സൈനുദ്ദീൻ |
| 9 | എ.എസ്.ഷാജഹാൻ |
| 10 | ഒ.എം.പൌലോസ് |
| 11 | മുഹമ്മദ് അഷ്റഫ് |
| 12 | സുധീഷ്.വി |
| 13 | രമേഷ്.എം.കെ |
| 14 | റഫീഖ്.എം.എച്ച് |
| 15 | സി.എം.മുഹമ്മദ് സക്കറിയ |
| 16 | കെ.എം. അബ്ദുള്ളക്കുട്ടി |
| 17 | എം.എ.അബ്ബാസ് |

ഇത് സംബന്ധിച്ച് 30.09.2021 ൽ നൽകിയഎൻക്വയറി നം .7 ന് മറുപടി നൽകിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഡെപ്പോസിറ്റ് രജിസ്റ്ററിലെ അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ട കോളങ്ങളിൽ സാക്ഷ്യപ്പെടുത്തലുകൾ ഒന്നു തന്നെയില്ല. മുൻ സാമ്പത്തിക വർഷങ്ങളുടെ തുടർച്ചയായിട്ടാണ് രജിസ്റ്റർ എഴുതിയിരിക്കുന്നത്. ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനം ബാലൻസ് രേഖപ്പെടുത്തുന്നില്ല. ഇതു മൂലം വാർഷിക കണക്കിലെ ബാലൻസ് തുകയുമായി താരതമ്യം ചെയ്യുവാൻ സാധിക്കുന്നില്ല. റീഫണ്ട് തുകകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അപൂർണ്ണമാണ്.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-15 തനത് ഫണ്ട്-ചെലവുകൾ -അപാകതകൾ

1.തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ സംബന്ധിച്ച് ഏതാനും അപാകതകൾ താഴെപ്പറയുന്നു.

| വൌച്ചർ നം./ തീയതി | തുക | വിവരങ്ങൾ | അപാകതകൾ |
|---|---|---|---|
| 21900458/7.8.19 | 100000 | മഴക്കാല പൂർവ്വ ശുചീകരണം | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ട താണ്. |
| 21900601/25.9.19 | 2407 | ഇലക്ട്രിക്കൽ ഫിറ്റിങ്സ് വാങ്ങൽ | സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 21900550/3.9.19 | 2719 | സ്റ്റെപ്പ് ലാഡർ വാങ്ങിയത് | -ടി- |
| 21900675/18.10.19 | 14625 | 3 മോണിറ്ററുകൾ വാങ്ങിയത് | -ടി- |
| 21900688/18.10.19 | 5669 | ഹരിത ഓഫീസിലേക്ക് പ്ലേറ്റ് | -ടി- |
| 21900822/29.11.19 | 10700 | യുപിഎസ്ബാറ്ററി | -ടി- |
| 21900695/18.10.19 | 5000 | കേരളോത്സവം അഡ്വാൻസ് | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. |

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പ്രിന്റിങ്ങ് ജോലികൾ-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല

2019-20 വർഷം വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ പ്രിന്റിങ്ങ് ജോലികൾക്കായി ഓർമ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് വിവിധ പ്രിന്റിങ്ങ് ജോലികൾക്കായി പണം നല്കിയപ്പേൾ ഇൻകം ടാക്സ് നിയമം സെക്ഷൻ 194-C പ്രകാരമുള്ള ടിഡിഎസ് കുറവ് ചെയ്തതായി കാണുന്നില്ല.വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം | തീയതി | തുക |
|---|---|---|---|
| 1 | 21900167 | 22.5.19 | 42,411 |
| 2. | 21901569 | 30.3.20 | 30452 |

ഇൻകം ടാക്സ് നിയമം സെക്ഷൻ 194-C പ്രകാരം 1% നികുതി ഈടാക്കി അടക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ - ധനവിനിയോഗപത്രം ഹാജരാക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 6/20 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | തനത് ഫണ്ട് - 5,07,400, CFC- 17,92,600 |
| ചെലവ് | ചെക്ക് നം. 6059316 Dt.13.3.20, 4,98,459/-രൂപ |

വാഴക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8/11/2019ലെ ബി 4-11/19 കത്തിലെ ആവശ്യപ്രകാരം പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 1/1/20ലെ 23/PPS/DB-15/2019-20/766 നം. ഉത്തരവ് പ്രകാരം തയ്യാറാക്കി നൽകിയ കെ എസ് ഇ ബിയുടെ 22,90,609/- രൂപയുടെ എസ്റ്റിമേറ്റിൽ 3,33,930.60 രൂപ 18%ജി.എസ്.ടി യാണ്. എന്നാൽ ഗവണ്മെന്റ് ഓഫ് ഇൻഡ്യ, മിനിസ്റ്റി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.no.5 Chapter 99 പ്രകാരം (Services By A Government(central Government, State Government, Union Territory, Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution- Tax Rate -Nil) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഗവണ്മെന്റുകളോ, ഗവണ്മെന്റ് ഏജൻസികളോ നല്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല.. എന്നാൽ KSEB ക്ക് നൽകിയ തുകയിൽ ജി.എസ്. ടി ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എസ്റ്റിമേറ്റ് തുക പൂർണ്ണമായി ഒടുക്കിയതായി കാണുന്നില്ല. ബാക്കിയുള്ള തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ചെലവ് വിവരം അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-18 വാറന്റി പിരിയഡിൽ കേടായ തെരുവ് വിളക്കുകൾ സപ്ളൈയർ മാറ്റി നല്കിയില്ല.

2017-18 വർഷത്തിൽ പ്രധാന ഹൈവേകളിൽ LED ലൈറ്റ് സ്ഥാപിക്കൽ ( നമ്പർ 9/18) എന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്. പദ്ധതി പ്രകാരം ക്ലിയർടെക് എനർജീസ്, വെങ്ങോല എന്ന സ്ഥാപനം 23-03-2018 ൽ കരാറിൽ ഏർപ്പെട്ട് LED ലൈറ്റ് സ്ഥാപിക്കൽ നടത്തിയിട്ടുള്ളതുമാണ്. എന്നാൽ ഇവ സ്ഥാപിച്ച് മാസങ്ങൾക്കുള്ളിൽത്തന്നെ 51 എണ്ണം പൂർണ്ണമായും തകരാറിലാകുകയും 17 എണ്ണം ശരിയായി പ്രവർത്തിക്കാതാകുകയും ചെയ്തു (ഫ്ലിക്കറിംഗ്). കെ.എസ്.ഇ.ബി. യുടെ ലൈൻടച്ചിംഗ് മൂലം ഡബിൾ ഫേസ്, ലൈൻ ഷോർട്ടിംഗ് എന്നിവ സംഭവിച്ചാണ് ഇത് സംഭവിച്ചിട്ടുള്ളതെന്നും ഇതിന്റെ റിപ്പയർ തുക പഞ്ചായത്ത് വഹിക്കുകയാണെങ്കിൽ മാത്രം മെയ്ന്റനൻസ് നടത്താമെന്നും ആണ് ക്ലിയർടെക് എനർജീസ് നിലപാടെടുത്തത്. കെ.എസ്.ഇ.ബി. യുടെ ഭാഗത്ത്നിന്നും 29-10-2019 ൽ പഞ്ചായത്ത് അധികൃതർ, ക്ലിയർടെക് എനർജീസ് എന്നിവരുമായിചേർന്ന് സംയുക്തപരിശോധന നടത്തി എന്നും ലൈൻ ടച്ചിംഗ് മൂലമോ കെ.എസ്.ഇ.ബി. യുടെ മറ്റേതെങ്കിലും തരത്തിലുള്ള അനാസ്ഥയാലോ അല്ല ലൈറ്റുകൾ തകരാറിലായതെന്ന് ബോധ്യപ്പെടുകയും ആയത് മറ്റ് കക്ഷികളെ ബോധ്യപ്പെടുത്തുകയും ചെയ്തു എന്നും കെ.എസ്.ഇ.ബി. 31-10-2019 ൽ DB1/19-20/VKLM/Panchayath/168 കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ആയത് ചൂണ്ടിക്കാട്ടി കേടായ ലൈറ്റുകൾ മുഴുവനും വാറന്റി വ്യവസ്ഥകൾക്ക് വിധേയമായി സൌജന്യമായി മാറ്റി സ്ഥാപിക്കുന്നതിന് ക്ലിയർടെക് എനർജീസിന് പഞ്ചായത്ത് 12-12-2019 ൽ കത്ത് നല്കി. എന്നാൽ ഇതിന് ഫലമുണ്ടാകാത്തിനെത്തുടർന്ന് 17-8-2020 ൽ ലീഗൽ നോട്ടീസ് അയച്ചതായും കാണുന്നു. ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി ഫയലിൽ നിന്ന് വ്യക്തമല്ല. കേടായ ലൈറ്റുകൾ ആലുവ പെരുമ്പാവൂർ ട്രാൻസ്പോർട്ട് ബസ്റ്റൂട്ട്, ആലുവ

പെരുമ്പാവൂർ പ്രൈവറ്റ് ബസ് റൂട്ട് എന്നിങ്ങനെ പ്രധാന പാതകളിലായതിനാൽ അടിയന്തിരമായിത്തന്നെ റിപ്പയർ നടത്തപ്പെട്ടിട്ടുള്ളതായിരിക്കും. അവക്ക് വന്ന ചെലവ് തുക എത്രയെന്ന് നിജപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നും ഇവ ഏത് ഫണ്ടിൽ നിന്ന്, ഏത് പദ്ധതി പ്രകാരമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ചെലവായ തുക മേൽ സ്ഥാപനത്തിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 "സുഭദ്രം" പദ്ധതി അപാകതകൾ

2019-20 വർഷത്തിൽ സുഭദ്രം എന്ന പേരിൽ നം 59/19-20 പ്രകാരം കുടുംബശ്രീക്ക് മേശയും കസേരയും വാങ്ങി നല്കുന്ന ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2020-21 വർഷത്തിലേക്ക് പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയിട്ടുമുണ്ട് (പദ്ധതി നം 196/2020-21). പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയുക്തമാക്കിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2019-20ൽ 20433 രൂപയും 2020-21 ൽ 420920 രൂപയും ഉൾപ്പെടെ ആകെ ചെലവ് 441353 രൂപയാണ്. തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട സബ്സിഡി /ധനസഹായ മാർഗ്ഗരേഖപ്രകാരം (സ.ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ. തിയതി 14-02-2018 ) വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ഇത്തരത്തിൽ മേശ, കസേര എന്നിവ വാങ്ങിനല്കുന്നതിന് നിർദ്ദേശമില്ല. എന്ന് മാത്രമല്ല പ്രസ്തുത ഉത്തരവിൽ സബ്സിഡി നല്കുന്നതിൽ നിയന്ത്രണം എന്ന ഖണ്ഡികയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ഫർണ്ണിച്ചർ വാങ്ങി നല്കാവുന്നതല്ല എന്ന് വ്യക്തമാക്കപ്പെട്ടിട്ടുമുണ്ട് (എസ്സ്.സി,എസ്സ്.ടി വിദ്യാർഥികൾക്കും പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർഥികൾക്കും വൃദ്ധർക്ക് കട്ടിലും ഒഴികെ). ആയതിനാൽ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരു പദ്ധതി രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. വാഴക്കുളം കമ്മ്യൂണിറ്റി സെന്ററിന് വേണ്ടിവാങ്ങിയ ഫർണ്ണിച്ചറുകളാണ് കുടുംബശ്രീക്ക് കൈമാറിയിട്ടുള്ളതെന്നും കമ്മ്യൂണിറ്റി സെന്ററിൽ മറ്റ് പരിപാടികളില്ലാത്ത അവസരങ്ങളിൽ ഫർണ്ണിച്ചർ വാടകക്ക് നല്കി ആ ഇനത്തിൽ കുടുംബശ്രീക്ക് ഒരു വരുമാനമാർഗ്ഗം എന്ന ഉദ്ദേശത്തിൽ ആണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. പഞ്ചായത്ത് തനത് ഫണ്ടും പ്ളാൻ ഫണ്ടും ഉപയുക്തമാക്കി വാങ്ങിയ ഒരു ആസ്തി കുടുംബശ്രീക്ക് കൈമാറിയത് സാധൂകരിക്കുന്ന തരത്തിൽ ഏതെങ്കിലും സർക്കാർ ഉത്തരവോ സർക്കുലറോ മറ്റ് തരത്തിലുള്ള സർക്കാർ നിർദ്ദേശമോ ഒന്നും ഹാജരാക്കുകയുണ്ടായില്ല. അതിനാൽ ഭാവിയിൽ സമാനമായ പദ്ധതി നടപ്പാക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മെഡിക്കൽ ഓഫീസർ പിഎച്ച്സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.പ്രോജക്റ്റ് നം 179 /20- പകർച്ചവ്യാധി നിയന്ത്രണം ആശ പ്രവർത്തകരിലൂടെ എന്ന പദ്ധതിക്കായി തനത് ഫണ്ടിൽ നിന്ന് 100000/- രൂപ ചെലവഴിച്ചതായി കാണുന്നു. ബില്ലും ചെലവ് രേഖകളും ഹാജരാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 1-10-21ലെ എൻക്വയറി നം 12 ന് ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ മെഡിക്കൽ ലീവിലായതിനാൽ പിന്നീട് ഹാജരാക്കുന്നതാണ് എന്നറിയിച്ചു. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുകയായ 100000/ രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

2.പ്രോജക്റ്റ് നം 275/20 പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതിക്കായി ബിൽ നം 1/19-20 തി 24-7-19 പ്രകാരം ചെലവഴിച്ച 246874/- (വികസന ഫണ്ട് -ജനറൽ)രൂപയിൽ 156079/- രൂപ ലൈഫ് കെയർ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി നൽകിയതായി കാണുന്നു. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളടക്കം ഫയൽ ഹാജരാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 1-10-21ലെ എൻക്വയറി നം 12 ന് ഫയൽ പിന്നിട് ഹാജരാക്കുന്നതാണ് എന്നറിയിച്ചു. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിലെ ചെലവ് തുകയായ 156079/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-21 കുടുബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ-മരുന്ന് പർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ് 176/20, കുടുബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

| | |
|---|---|
| അടങ്കൽ | 5,00,000/- (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് ) |
| ചെലവ് | 5,00,000/- |
| ബിൽ നമ്പർ | 5/19-20 തീയതി - 28-10-19 |

2019-20 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 5,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് ബിൽ നം 5/19-20 തീ 28-10-19 ന് കൈമാറിയെങ്കിലും വിവിധ ഇൻവോയ്സുകളിലൂടെ (12121 തീ 18-12-20, 75961/-, 1819 തീ 13-10-20, 54839/-, 7680 തീ 13-10-20, 64411/-, 8060 തീ 11-11-19, 241540/-, 5186 തീ 14-8-21, 11931/-, 415 തീ 22-6-21, 7414/-, 2129 തീ 5-6-21, 31199/-) ഇതുവരെ 487295/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 12705/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം - ആവശ്യപ്പെട്ടുകൊണ്ട് നൽകിയ1-10-21ലെ എൻക്വയറി നം 9 ന് മരുന്ന് ലഭ്യമാക്കുന്നതിന് കാരുണ്യയിലേക്ക് കത്ത് നൽകിയതായി അറിയിച്ചു.

12705/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാവുന്നതു വരെ 12705/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 സാമൂഹ്യ ക്ഷേമ പെൻഷൻ- അപാകതകൾ

1. 2019-20 ലെ ഗ്രാമ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സേവനപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് അപാകതകൾ കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര്, ആധാർ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | കെ എ ഗോപാലൻ 36252633342, | 02.04.2019 വാർധക്യ പെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് മസ്റ്ററിങ്ങ് ഇല്ലാത്തതിനാൽ വിതരണം തടഞ്ഞു വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 2 | തങ്കമ്മ 403721573189, | 04.2019 കർഷകപെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് മസ്റ്ററിങ്ങ് ഇല്ലാത്തതിനാൽ വിതരണം തടഞ്ഞു വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 3 | ചാത്തൻ കഞ്ഞോൻ, 683750133027 | 21-5-2019 കാർഷകപെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് മസ്റ്ററിങ്ങ് ഇല്ലാത്തതിനാൽ വിതരണം തടഞ്ഞു വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 4 | റുഖിയ 280775716524 | 30-5-019. വാർധക്യ പെൻഷൻ | മരണപ്പെട്ടതിനുശേഷം 7/2019 വരെ തുക ബാങ്കിന് കൈമാറി. തുടർന്ന് മസ്റ്ററിങ്ങ് ഇല്ലാത്തതിനാൽ വിതരണം തടഞ്ഞു വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 5 | പാത്തുമ്മ 275004616539 | 12-6-2019. വാർധക്യ പെൻഷൻ | മരണപ്പെട്ടതിനു ശേഷം 7/2019വരെ തുക ബാങ്കിന് കൈമാറി. തടർന്ന് മസ്റ്ററിങ്ങ് ഇല്ലാത്തതിനാൽ വിതരണം തടഞ്ഞു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി |

| | | | | |
|---|---|---|---|---|
| | | | വച്ചിരിക്കുന്നു. | തുടരുന്നു |
| 6 | അബു എ എ 372417112522 | 25-12-19. വാർധക്യ പെൻഷൻ | മരണപ്പെട്ടതിനു ശേഷം 9/2021വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 7 | ബിവി സെയ്തു മുഹമ്മദ്, 755861000437 | 11-1-20. വാർധക്യ പെൻഷൻ | മരണപ്പെട്ടതിനുശേഷം 9/2021 വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 8 | കെ എം വേലപ്പൻ, 999710341054 | വാർധക്യ പെൻഷൻ | മരണപ്പെട്ടതിനുശേഷം 9/2021 വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലുംആക്ടീവ് ആയി തുടരുന്നു. |

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെ നിരുത്തരവാദപരമായാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് വ്യക്തമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 28-9-19 ലെ സർക്കുലർ നം PAN/2021/2019-DBT-1(DP) പ്രകാരം പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളതാണ്.

2 മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 5-10-21 ലെ ഓഡിറ്റ് എൻക്വയറി നം. 15 നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ മേൽ സൂചിപ്പിച്ച പെൻഷൻ ആക്ടീവായവരുടെ അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്തതായും പണം പെൻഷൻ അക്കൌണ്ടിൽ പോയിട്ടുള്ള കെയ്സുകളിൽ തുകകൾ തിരികെ ഇടാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയതായും അറിയിച്ചു. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണംനടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും ലഭിക്കുന്നതനുസരിച്ച് മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മരണ രജിസ്ട്രേഷന് ആധാർ നമ്പർ ആവശ്യപ്പെടേണ്ടതും ആധാർ നമ്പർ ലഭ്യമാകാത്ത കെയ്സുകളിൽ പ്രത്യേക പരിശോധന നടത്തി മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ അല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആധാർ നമ്പർ രജിസ്റ്റർ ചെയ്യിട്ടില്ലാത്ത പെൻഷണർമാരുടെ പെൻഷൻ വിതരണത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

5.മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന കെയ്സുകളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-23 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിന്റെ വാർഡ് നമ്പർ 4 ൽ (സർവ്വേ നം.s-3/8,3/9,5/1,5/2,5/7A.R-6/2,s-3/8,3/9,5/1,5/2,5/7A,R-6/2-2,s-6/1-13,R6/1-13) സ്ഥിതി ചെയ്യുന്ന ശ്രീമതി.സുഹറ ഹസബുള്ള,നിസാഹത്ത് അഹമമദ്, ശ്രീ.മുഹമ്മദ് ജുനൈദ്

എന്നിവരുടെ ഉടമസ്ഥതയിൽ 2019-20 ൽ പെർമിറ്റ് റെഗുലറൈസേഷൻ നൽകി വസ്തുനികുതി കണക്കാക്കിയ നന്മ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ വസ്തുനികുതി കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി അധികമായി നിർണ്ണയിച്ച് നൽകിയതായി കാണുന്നു . 3125.09ച.മീ സ്ഥലവിസ്തീർണ്ണത്തിൽ 2.075 എഫ്.എ.ആർ ആയി പെർമിറ്റ് റെഗുലറൈസ് ചെയ്ത് നൽകിയിട്ടുള്ള കെട്ടിടമാണിത് . 2009-10 വർഷത്തിൽ 3 നിലകൾ പണിയുന്നതിനായി പെർമിറ്റെടുത്തിരുന്നുഎന്നാൽ ആയതിൽ നിന്ന് വ്യതിചലിച്ച് 11 നിലകൾ അധികമായി പണിയുകയും എഫ്.എ.ആറിൽ വ്യത്യാസം വരുകയും ചെയ്തതിനാൽ ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീ (രണ്ടിരട്ടി പെർമിറ്റ് ഫീസും എഫ്.എ.ആർ ക്രമവൽക്കരണത്തിന് ച.മീ ന് 5000 രൂപ നിരക്കിലും), 51,25,000 രൂപ; രസീത് നം.119010-400001 Dtd:03.07.2019 പ്രകാരം) ഒടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു . അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് നം.B3-9252/18 തീ.07.01.2019(ഫയൽ നം:B3-BA-177039) പ്രകാരവും പണി പൂർത്തീകരിച്ചതിനു ശേഷം ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരവും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 7412.98 ച.മീ ആണ്. എന്നാൽ ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ 14 നിലകളുള്ള ടി ഫ്ലാറ്റിന്റെ വസ്തു നികുതി കണക്കാക്കിയതിൽ ആകെ വിസ്തീർണ്ണം 8172.43 ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അസസ്മെന്റ് രജിസ്റ്റർ പ്രകാരം 4/185 A മുതൽ M വരെ 77 ഫ്ലാറ്റുകൾക്കും ഒരു ഫയർ കണ്ട്റോൾ റൂമിനും നമ്പറിട്ട് നികുതി നിശ്ചയിച്ചിട്ടുണ്ട്. അസസ്മെന്റ് രജിസ്റ്ററിലും കംപ്ലീഷൻ പ്ലാനിലുമുള്ള തറ വിസ്തീർണ്ണത്തിന്റെ വ്യത്യാസത്തിനുള്ള കാരണം ആരാഞ്ഞ് 05.10.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന് താഴെപ്പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

"ടി ഫ്ലാറ്റിന്റെ ആകെ തറ വിസ്തീർണ്ണം 7412.98 ച.മീ ആണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബിൽഡിംഗ് ബ്ലോക്കുകൾക്ക് നമ്പർ നൽകിയപ്പോൾ ഓരോ ഫ്ലാറ്റുകൾക്കും അനുവദിച്ച കോമൺ സർവ്വീസ് ഏരിയയുടെ വീതം വെയ്ക്കലിൽ വന്ന തെറ്റുകൊണ്ടാണ് ആകെ തറ വിസ്തീർണ്ണം 8172.43 ച.മീ ആയി രേഖപ്പെടുത്തിയത്. ഓരോ ബ്ലോക്ക് ഫ്ലാറ്റുകളുടെയും തറ വിസ്തീർണ്ണം താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്.

| ബ്ലോക്ക് നെയിം | പ്ലിന്ത് ഏരിയ(ച.മീ) | ഫ്ലാറ്റുകളുടെ ആകെ എണ്ണം | ആകെ പ്ലിന്ത് ഏരിയ(ച.മീ) |
|---|---|---|---|
| A | 98.52 | 13 | 1280.76 |
| B | 98.52 | 13 | 1280.76 |
| C | 71.43 | 10 | 714.30 |
| D | 76.52 | 13 | 994.76 |
| E | 76.52 | 13 | 994.76 |
| F | 71.43 | 7 | 500.01 |
| G | 70.39 | 2 | 140.78 |
| H | 69.74 | 3 | 209.22 |
| I | 60.06 | 3 | 180.18 |
| ആകെ | | 77 | 6295.53 |

മേൽ പ്രതിപാദിച്ചതു പോലെ 77 ഫ്ലാറ്റുകളുടെയും ആകെ തറ വിസ്തീർണ്ണം 6295.53 ച.മീ ആകുന്നു.കംപ്ലീറ്റഡ് പ്ലാനിൽ സൂചിപ്പിച്ചിട്ടുള്ള ആകെ തറ വിസ്തീർണ്ണമായ 7412.98 ച.മീ ൽ നിന്നും ഫ്ലാറ്റുകളുടെ ഏരിയ കുറച്ച് കിട്ടുന്ന 1116.03 ച.മീ വിസ്തീർണ്ണം കോമൺ ഫെസിലിറ്റിക്കുള്ള ബിൽഡിംഗ് ഏരിയ ആണ്. ആയത് ഓരോ ഫ്ലാറ്റുകളിലേക്കും

ഉൾപ്പെടുത്തുമ്പോൾ താഴെ പ്രതിപാദിക്കും പ്രകാരമാണ് വരേണ്ടിയിരുന്നത്.

| Block Name | Plinth Area In Sq.meter | Additional Allocation Of Common Facility Area | Total Area In Sq.m | Total No.of Flats | Total Plinth Area |
|---|---|---|---|---|---|
| A | 98.52 | 17.46 | 115.98 | 13 | 1507.74 |
| B | 98.52 | 17.46 | 115.98 | 13 | 1507.74 |
| C | 71.43 | 12.66 | 84.09 | 10 | 840.90 |
| D | 76.52 | 13.57 | 90.09 | 13 | 1171.17 |
| E | 76.52 | 13.57 | 90.09 | 13 | 1171.17 |
| F | 71.43 | 12.66 | 84.09 | 7 | 588.63 |
| G | 70.39 | 12.48 | 82.87 | 2 | 165.74 |
| H | 69.74 | 12.36 | 82.10 | 3 | 246.30 |
| I | 60.06 | 10.65 | 70.71 | 3 | 212.30 |
| Total | | | | | 7411.69 |

മേൽ പ്രതിപാദിച്ചിട്ടുള്ളതാണ് യഥാർത്ഥ വിസ്തീർണ്ണം എന്നിരിക്കെ നിലവിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുകയോ, കെട്ടിട നികുതി കുറക്കുന്നത് സംബന്ധിച്ച് ഫ്ലാറ്റുകളുടെ ഉടമസ്ഥർ പഞ്ചായത്തിന് അപ്പീൽ നൽകുകയോ ചെയ്തിട്ടില്ലാത്തതാണ്. "

മേൽ മറുപടിയിൽ നിന്ന് മനസ്സിലാക്കാവുന്നത് കെട്ടിട നികുതി നിർണ്ണയിക്കുന്നതിനായി വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്ന് പോയ സമയത്ത് കോമൺ ബിൽഡിംഗ് ഏരിയകൾ ആകെ വിസ്തീർണ്ണത്തിൽ ഇരട്ടിപ്പായി വന്നു എന്നാണ്. അതിനാൽ 759.45 ച.മീ അധികം വിസ്തീർണ്ണം വസ്തു നികുതി കണക്കാക്കുന്നതിനായി എടുത്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി നിർണ്ണയ ചട്ടം 11 പ്രകാരം കെട്ടിട ഉടമ ഫോം 2ലുള്ള നികുതി നിർണ്ണയ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയും നികുതി റിട്ടേണ് സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിന്റെ ഫോം 2 ലുള്ള നികുതി നിർണ്ണയ റിട്ടേൺ ഉടമ സമർപ്പിച്ചതായി കാണുന്നില്ല . ആയത് വാങ്ങി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല.

യഥാർത്ഥ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുകയും അധികമായി യഥാർത്ഥത്തിൽ പണിതിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. എഫ്.എ.ആർ, കവറേജ് എന്നിവയുടെ അർഹമായ പരിധിയുടെ ലംഘനം നടന്നിട്ടുണ്ടോ എന്നും സ്ഥലപരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. അനധികൃതമായി നിർമ്മാണം നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം അതിനനുസൃതമായി വസ്തു നികുതി ശരിയായി കണക്കാക്കി ക്രമീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) തൊഴിൽ നികുതി, ലൈസൻസ് ഫീസ് മുതലായ ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സ.ഉ.(എം.എസ്.) 152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെ യുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04.2019 ലെ മുന്നിരിപ്പ് | 2019-2020ൽ ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (320700204) | 2018-19 | 300000 | - | 300000 | - | - | 300000 |
| | 2019-20 | - | 95506 | 95506 | നെൽകൃഷി വികസനം (70/20) | 95506 | 0 |
| | 2019-20 | - | 624800 | 624800 | ലൈഫ് ഭവനം -ജനറൽ (47/20) | 512476 | 112324 |
| | 2019-20 | - | 285200 | 285200 | ലൈഫ് ഭവനം എസ് സി (234/20) | 285200 | 0 |
| | 2019-20 | - | 200000 | 200000 | ലൈഫ് ഭവനം എസ് സി (351/20) | 200000 | 0 |
| | ആകെ | 3,00,000 | 1205506 | 1505506 | | 1093182 | 412324 |
| ജില്ലാ പഞ്ചായത്ത് (320 700 205) | 2018-19 | 120000 | 0 | 120000 | ലൈഫ് ഭവനം -ജനറൽ (34/20) | 120000 | - |
| | 2018-19 | 380000 | - | 380000 | ലൈഫ് ഭവനം -ജനറൽ (47/20 | 380000 | |
| ജില്ലാ പഞ്ചായത്ത് (160300101 ) | 2019-0 | - | 500000 | 500000 | ഭിന്നശേഷി സ്കോളർഷിപ്പ് (108/20) | 500000 | - |
| | ആകെ | 500000 | 500000 | 1000000 | | 1000000 | - |

### 4-3 തൻവർഷം ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ | പ്രവൃത്തിയുടെ | ബിൽ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് 6/20 | 21901512/ 19-3-20 | 432281 | 0 | 432281 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് 6/20 | 21901513/ 19-3-20 | 65728 | 0 | 65728 |
| ആകെ | | | 498009 | 0 | 498009 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ – ലൈഫ് | സർക്കാർ കത്ത് 63430/ ഡി ബി/13/ ത സ്വ ഭ വ തി 25.10.2013 | 10800000 | 3641560 | 998324 | 357447 | 2643236 |
| HUDCOഭവന വായ്പ – ലൈഫ് | | 6817400 | 4762317+ 2055083 (തൻവർഷ വരവ്)= 6817400 | 720589 | 0 | 6096811 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4839520 |
| തൻവർഷം നിക്ഷേപിച്ച തുക | 345119 |
| ആകെ | 5184639 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5184639 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2012-13 | -- | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം- ആരോഗ്യരംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പിഎച്ച്സി. വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, ഉപകര ണങ്ങൾ ലഭ്യമാക്കി, വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു, മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമ സഭാസമിതി തെളി വെടുപ്പ് നടന്നിട്ടില്ല. ഹോമിയോ ഡിസ്പെൻ സറിയിൽ കിടത്തി ചികിത്സ നിലവിൽ ഇല്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90829504 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76847040 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 268784 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 (1) | 100000 | ഡോ. അജയ് ബാബു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-20 (2) | 156079 | ഡോ. അജയ് ബാബു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | 12705 | ഡോ. അജയ് ബാബു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 268784.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ.04.04.2016 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(ii)/18/ 25.05.19 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.2016 |
| 2000-01 | |
| 2001-02(പ്ലാൻ) | |
| 2001-02 (നോൺ പ്ലാൻ) | എൽ.എഫ്.ഇ.(പി5)1545808 തീയതി 09.01.09 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീയതി 04.04.16 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(iv)/18 തീ.25.05.19 |
| 2004-05 | |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.16 |
| 2006-07 | |
| 2007-08 | എൽ.എഫ്.ഇ.(പി5)1296/09/16.03.10 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(v)/18 തീ.25.05.19 |
| 2009-10,10-11 | എൽ.എഫ്.ഇ.(പി5)5/13 തീ. 01.03.13 |
| 2011-12 | എൽ.എഫ്.ഇ.(പി5)214/14 തീ. 05.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി5)11/15 തീ. 12.04.16 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം.(പി5)924/16 തീ.31.05.17 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി5)1733/16 തീ.04.02.17 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി5)654/17 തീ.06.01.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി5)1594/17 തീ.19.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി5)2163/18 തീ.04.12.18/ 05.07.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1684/2019 തീയതി.2.11.2019 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്